പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1847 05.02.2019-ലെ മറുപടിക്ക്

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീ.ആർ. രാജേഷ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മാവേലിക്കര ഡിപ്പോയിൽ ബഹു.എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 1 കോടി രൂപ ഉപയോഗിച്ച് ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി മുനിസിപ്പാലിറ്റിയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിന് 01.06.2016-ൽ കെ.എസ്.ആർ.ടി.സി. അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പെർമിറ്റ് അനുവദിച്ച നൽകിയിരുന്നില്ല. പ്രവൃത്തി അടിയന്തിരമായി ചെയ്യേണ്ടതായതിനാൽ 21.06.2016-ൽ തന്നെ കരാറുകാരൻ പ്രവൃത്തി ചെയ്തു തുടങ്ങിയെങ്കിലും മുൻസിപ്പാലിറ്റിയിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെ തുടർന്ന് 01.07.2016 മുതൽ നിർമ്മാണ പ്രവർത്തനം തുടരാൻ |

| | | | |
|---|---|---|---|
| | | | സാധിച്ചില്ല. പിന്നീട് പലതവണ ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിന് മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിക്കുകയും, അവർ ആവശ്യപ്പെട്ട പ്രകാരം റിവൈസ്ഡ് ഡ്രോയിംഗ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു എങ്കിലും നാളിതുവരെ പെർമിറ്റ് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബഹു.ജില്ലാ കളക്ടർക്ക് 22.01.2019-ൽ കെ.എസ്.ആർ.ടി.സി. കത്ത് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ കാലതാമസം ഒഴിവാക്കി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ബിൽഡിംഗ് പെർമിറ്റ് ലഭ്യമായാൽ മാത്രമേ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് നിർവ്വാഹമുള്ളൂ. അതിനാൽ പെർമിറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**